
# ലിറ്റിൽ കൈറ്റ്സ്

# ഡിജിറ്റൽ മാഗസിൻ
# 2019

# ടി.ഇ.എം.വി.എച്ച്.എസ്.എസ്.
# മൈലോട്



## ഇതളുകൾ വിരിയുമ്പോൾ


.ആമുഖം 2
.പാവകുട്ടി 3
.കാർമുകിൽ 4
. കേശുകുരങ്ങനും കൂട്ടുകാരും.. 5
.ചിത്രം 6
. മിഴിനീർ 7
.മഹദ് വചനങ്ങൾ 8
.പ്രളയം 8
.സംഹാര നൃത്തം 9
.പുതുവർഷം 9
. ചിത്രം 10
. പൂമ്പാറ്റ 11
. എന്റെ വിദ്യാലയം 12
.കടങ്കഥകൾ 13
.കവിത 14
,ഇരുട്ടിലെ ചെറുദീപം 14
.അമ്മ 15
.അധ്യാപകർ 16
.പോകരുതേ 17
.ഗുരുദേവൻ 18
.മഹദ് വചനങ്ങൾ 19
.ചിത്രം 20

# ആമുഖം

ശാസ്ത്രസാങ്കേതിക മേഖലകളില്ലാം മാനവരാശി വളർച്ചയുടെ പടവുകളിലാണ്. മനുഷ്യന്റെ മാനസിക മുന്നേറ്റത്തിന്റെ തെളിവുകളാണ് സാഹിത്യസൃഷ്ടികൾ ശാസ്ത്രം വളരുന്നതനുസരിച്ച് സാഹിത്യസൃഷ്ടികൾ ഡിജിറ്റൽ രൂപങ്ങൾ കൈവരുന്നു ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നൂതനസാങ്കേതിക രംഗത്ത് കൈവരിച്ച ഒരു നേട്ടമാണ് ഡിജിറ്റൽ മാഗസിൻ




**CHIEF EDITOR:NOUFAL N**

**EDITORIAL BOARD: ANSHAD NS**
**AJITH A**
**RIJIN T REJIMON**
**NAVAMANI CS**

# <u>പാവകുട്ടി</u>

*തലയിലൊരു പൊൻതൊപ്പിതരാം*
*പിച്ചിപ്പൂവിൻ  മാലതരാം*
*പാട്ടുമോ പാട്ടുമോ നർത്തനമാട്ടുമോ*
*പാവകുട്ടീ നീ കളികുട്ടി*
*പൊന്നിൻ മണിമാലയണിഞ്ഞാട്ടെ*
*സ്യർണമോതിരം കളഞ്ഞാട്ടെ*
*ചൂളം വിളിക്കാൻ കാറ്റല്ലേ*
*മിന്നും തരിവളയിട്ടാട്ടെ*
*വർണ്ണച്ചേലയുടുത്താട്ടെ*
*സരിഗമ പാടാൻ കുയിലില്ലേ*
*വിണവീട്ടാൻ മയിലില്ലേ*

***Noora.A***
***8 D***



## *കാർമുകിൽ*



*അരുണനെ മായിച്ചുകൊണ്ടവനിയിൽ*
*ഇരുട്ട് പടർത്തിയവൾ ആഗതയായ്*
*കാർമുകിൽ വർണ്ണത്തിൽ കരിനീല*
*നിറമോടെ*
*കാറ്റിനോടൊപ്പമവൾ ആഗതയായ്*
*കരിംകാടിനെപ്പോലെ കരിനാഗത്തെപ്പോലെ*
*കരിമുകിൽ പൊൻകൊടി ആഗതയായ്*

*ദേവകൾ തൻ രഥമോ നീ*
*പാറും പുകച്ചുരുളോ നീ*
*ആകാശവീഥിയിൽ നീന്തിത്തുടിക്കുന്ന*
*നീല അരയന്നമോ നീ..*
*ധരണീമാതാവിൻ തേങ്ങൽ ശസ്രവിച്ചിട്ടോ*

*എന്തേ നീയിങ്ങനെ വിഷണ്ണാവാൻ*
*പൂഴിയിൽ തോടായ് പുഴയായ് സമുദ്രമായി*
*തീഷ്ണ്ണമാം വേനലിൽ നിൻ കണ്ണുനീർ*
*മാനവമാനസരസ്സിൽ ആശ്യാസമായി*
*ഈ ആശ്രുകണങ്ങൾ നീ മാനവർകേകും*

*അമൃതോ...*

*അതോ നീൻ ചുടുകണ്ണുനീരോ എന്നിരുന്നാകിലും*
*അമൃതും അധികമെന്നാകിൽ വിഷമെന്നതോർക്കുക*
*നീ...*

*മാളവിക ഷിബു*
***8 D***

## ***കേശുകുരങ്ങനും***

## ***കൂട്ടുകാരും.***

***ഒരിടത്ത് കേശു എന്ന കുരങ്ങനും അവന്റെ***
***കൂട്ടുകാരും തമാസിച്ചിരുന്നു കേശുവും അവന്റെ കൂട്ടുകാരും ഒരിക്കലും പിരിയാത്ത***
***സുഹൃത്തുക്കളായിരുന്നുഅങ്ങനെയിരിക്കെ***
***കേശുകുരങ്ങനെ കാണാതായി അവന്റെ കൂട്ടുകാർ***
***വളരെ സങ്കടമായി അവർ കേശുകുരങ്ങനെ അവിടെ എല്ലാം അന്വേഷിച്ചു പിന്നെയും അവനെ അന്വ്യഷിച്ചു***
***അങ്ങനെ കേശുവിനെ കണ്ടെത്തി ഒരു ഒഴിഞ്ഞവീട്ടിൽ***
***പേടിച്ച് ഇരിക്കുന്നു കൂട്ടുകാരെ കണ്ടപ്പോൾ സന്തോഷമായി അങ്ങനെ അവർ ഒരുമിച്ച് അവരുടെ***
***വീട്ടിലേക്ക് പോയി***

***Fathima N***
***8 D***




***Arun.R V***

# മിഴിനീർ

*നേടുവാനാഗ്രഹം ഓടിയൊളിക്കും*
*ആശയ്ക്ക്ശേഷം വിരിഞ്ഞിറങ്ങുന്നതോ*
*കയർപ്പോടെ പുണർന്നപ്പോൾ*
*ഇഴചേർന്ന് നിന്നും , തേടിപ്പിടിച്ചാൽ*
*കൈവിട്ടകന്നും മാഞ്ഞ്മാഞ്ഞീടുന്ന*
*നൊമ്പരങ്ങൾക്കും തീർപ്പ്കൽപ്പിയായി*
*ഓരോ നിറങ്ങൾക്കുമൊുവിൽ*
*വർണ്ണങ്ങൾ വാരിവിതറുകില്ലെകില്ലും*
*വർണ്ണല്ലോകത്തിൽ ഞാനായിരുന്നു*
*ചിന്തയും വേഷവും ഭൂതവും ഭാവിയും*
*ഞാനറിയാതെതന്നെ നോക്കിനിന്നു*
*അനാഥമാം വാതിൽ അടക്കുവാൻ*
*ചെന്നപ്പോൾ വിളിക്കാതെ*
*നൊമ്പരങ്ങൾ ജന്മം മുതൽക്കമ്മെ*
*തന്ന സ്നേഹത്തിന്റെ സ്പർശനം*
*വീണ്ടുമരികിലെത്തി*

***AFRAH TAJUTHEEN***
***9 E***

## മഹദ് വചനങ്ങൾ

'ഐശ്വര്യമെന്നാൽ  ധാരാളം സമ്പത്തല്ല  മനസ്സിന്റെ സംതൃപ്തിയാണ്'  –മുഹമ്മദ് നബി

'നിന്റെ ഇന്നത്തെ പ്രവർത്തിക്കനുസരച്ചാണ്നിന്റെ ഭാവി'  –മഹാത്മ ഗാന്ധി

'ചെറിയകാര്യത്തിലാണെങ്കിലും മനസ്സും ബുദ്ധിയും ആത്മാവും കേന്ദ്രീകരിക്കുക. അതാണ് വിജയത്തിന്റെ രഹസ്യം  –സ്യാമി ശിവനന്ദ

ALFIYA N
STD 3

## *പ്രളയം*

*നിനച്ചിരിക്കാതെ വന്നചെറുമഴ*
*പിന്നെ അത് പെരുമഴയായി മാറി*
*തോരാമഴ*
*ജന്മനാടിനെ പ്രളയത്തിലാഴ്ത്തിയ*
*പേമാരി*
*ഈ ജീവിതം കണ്ണീരിലാഴ്ത്തിയ*
*പ്രളയം*
*ജാതിമത ഭേദമന്യേ പ്രജകൾ*
*ഒന്നിച്ച പ്രളയം*
*ഉച്ചനീചത്വങ്ങൾ തുടച്ചു നീക്കിയ*
*പ്രളയം*
*മലയാളനാടേ ഉയർത്തെഴുന്നേറ്റലും*
*കൈകോർക്കാം നമുക്കൊന്നായ്*
*വരും തലമുറയ്ക്കായ്*

***Gourinanda.JR***
***STD 3***

## *സംഹാര നൃത്തം*

*കണ്ണനീരിൽ പാത തെളിച്ച*
*നാശത്തിൽ വിത്ത് വിതച്ച*
*പ്രചണ്ഡ പ്രഭയോടെ നിന്ന*
*സൂര്യൻ താനേ കരിഞ്ഞങ്ങുപോയി*
*കേരളം മുറവിളി കൂട്ടി.*
*നദികൾ തന്നിൽ പക വീട്ടി*
*മാലിന്യ നിക്ഷേപ സ്ഥലമായി*
*അവളാർക്കും വേണ്ടാത്തവളയി.*
*കേരളം രക്ഷക്ക് ആധി കൂട്ടി*
*ജീവജാലങ്ങൾ വീർപ്പ്മുട്ടി*
*മലിനമാക്കിയത് എന്തിനാണ്?*
*തന്നെ അവഗണിച്ചത് എന്തിനാണ്?*
*ശാന്തമായി ഒഴുകിയവളല്ലേ*
*അവളെ വിരഹാർദ്രയാക്കിയതല്ലേ*
*തനിക്ക് മോക്ഷം ലഭിക്കാത്തതെന്തേ?*

*jerushanet reji prakash*
***5C***

## ***പുതുവർഷം എത്തിപ്പോയി***

**പുതുവർഷം എത്തിപ്പോയി**
**കാലങ്ങൾ മാറി കോലങ്ങൾ മാറി**
**പുതുവർഷം എത്തിപ്പോയി**
**പുതുവർഷമെത്തിയപ്പോൾ പിന്നെ**
**പൂക്കൾ ഉണർന്നു കിളികൾപാടി**
**പുതുവർഷം അടിപൊളിയായി**
**നാട്ടുകളിലെല്ലാം ആഘോഷമായി**
**പുതുവർഷമെത്തിയപ്പോൾ**
**പള്ളികളിൽ അഘോഷം പിന്നെ**
**അമ്പലങ്ങളിലാഘോഷം**
**ലോകത്തിന്റ നനാഭാഗങ്ങളിലും ആഘോഷമായി**
**സ്കൂളുകൾ തുറന്നു പിന്നെ**
**സ്കൂളുകളിൽ കലപിലാ**

**കുട്ടികൾക്ക് ആഘോഷമായി**
**വീടുകളിൽ പുതുവർഷമെത്തിപ്പോയി**
**പടക്കങ്ങൾപൊട്ടി പിന്നെ പൂത്തിരികൾ കത്തിച്ചു**




**പുതുവർഷം അടിപൊളിയായി**

# പൂമ്പാറ്റ



പാറിപ്പാറി പറന്നു നടക്കും
വർണ്ണച്ചിറകുള്ള പൂമ്പാറ്റേ
പൂവുകൾ തോറും പാറി നടക്കും
പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ
ഇത്തിരി തേനുമായി വരുമോ
എന്നരികിൽ

VAIGA.BS
STD:1

# എന്റെ വിദ്യാലയം




എന്തു നല്ല വിദ്യാലയം
എന്തു നല്ല അധ്യാപകർ
എന്തു നല്ല കൂട്ടുകാർ
എന്തു നല്ല അന്തരീക്ഷം
എന്റെ ടി.ഇ.എം.വി.എച്ച്.എസ്.എസ്
എന്നും ഉയരട്ടെ......

SALMA.S
STD:2

## ***കടങ്കഥകൾ***

കുത്തിയാൽ മുളക്കില്ല വേലിയിൽപടരും –ചിതൽ
കൈപ്പത്തിപോലെ ഇല വിരലുപോലെകായ–വെണ്ട
പകലെല്ലാം മിന്നിമിന്നി രാത്രി ഇരുട്ടറയിൽ–കണ്ണ്
പിടിച്ചാൽ ഒരു  പിടി  അരിഞ്ഞാൽ ഒരു മുറം–ചീര
പച്ചപ്പലക കൊട്ടാരത്തിൽ പത്തും നൂറും കൊട്ടത്തേങ്ങ–പപ്പായ
നീണ്ടു നീണ്ടു മാനം നോക്കി പോകുന്ന പച്ചകുപ്പായകാരൻ–മുള
കൊമ്പിൻമേൽ തുളയുള്ള കാള–കിണ്ടി
തോലില്ല, കുരുവില്ല,പഴം തൊട്ടാൽ കൈ നക്കിക്കും പഴം–തീക്കനൽ
പഞ്ച  പാണ്ഡവൻമാർ അഞ്ചുപേർക്കും കൂടി ഒരേ ഒരു മുറ്റം–കൈപ്പത്തി

sona s biju
STD–5C



# കവിത



ഓണം വന്നു
ഓണം വന്നു
തുമ്പികൾ പാറി നടക്കാൻ
തുടങ്ങി
അത്തപ്പൂ നുള്ളാൻ തുടങ്ങി
ഓണസദ്യയൊരുക്കിയമ്മ

MUHAMMAD ARIF
STD-2

## ഇരുട്ടിലെ ചെറുദീപം

*രാമഗിരി എന്ന ഗ്രാമത്തിലെ ഒരു കൊച്ചുകുടുംബമാണ് ക്ലാരയുടേത്. തന്റെ മാതാപിതാക്കളും അനുജനും അടങ്ങുന്ന സന്തോഷംനിറഞ്ഞകുടുംബം. മക്കളുടെ വിദ്യാഭ്യാസത്തിനും മറ്റ് ചെലവിനുവേണ്ടിഅവർ കഷ്ടപ്പെടുന്നുണ്ട്. എന്നാലും കുട്ടികളുടെ ആഗ്രഹങ്ങളും സാധിച്ചുകൊടുക്കുന്നതിൽ ഇതുവരെ ഒരുകുറവും വരുത്തിയിട്ടില്ല.തങ്ങളുടെ എല്ലാ ആവശ്യത്തിനും എവിടുന്നാണ് പണമെന്ന് ക്ലാരയോ അനുജനോ തിരക്കിയിട്ടില്ല .*

*എന്നാൽ പതുക്കെ പതുക്കെ ഈ കൊച്ച് സന്തോഷത്തിനു മങ്ങൽ ഏൽക്കാൻതുടങ്ങി. പിതാവിന് അസുഖംപിടിപ്പെട്ടതുമുതൽ ജീവിതം താളംതെറ്റി.ഏതാഗ്രഹവും*
*പിതാവ് സാധിച്ചുതരുമന്ന് അവളുടെ പ്രതീക്ഷകൾ മരവിച്ചു*
*പിന്നീട് കുടുംബ വരുമാനം അമ്മുടെ തുന്നൽ ജോലിയിൽനിന്ന്*
*കിട്ടുന്നതുമാത്രമായി . പലരുടെയും സഹായത്തിനായി കൈനീട്ടേണ്ടിവന്നു. 10ാം ക്ലാസ്സുകാരിയായ ക്ലാരയുടെയും അവളുടെ*
*അനുജനെയും വീട്ടിലെ അവസ്ഥകൾ വല്ലാതെ വേദനിപ്പിച്ചു .*
*കുട്ടികളുടെ താൽപര്യങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ മാതാവിനോ*
*പിതാവിനോ കഴിയില്ല .ആരും കാണാതെ കുറച്ചുനേരം കരഞ്ഞ്*

*തങ്ങളുടെ വിഷമം കുറയ്ക്കുവാൻ അവൾ ശ്രമിച്ചു .ഇപ്പോൾ നല്ല*
*ആഹാരത്തിനോ വസത്രങ്ങൾക്കോ ഒന്നിനും അവൾ ആഗ്രഹിക്കാറില്ല. മിക്കവാറും അത്താഴപ്പട്ടിണിയായിരിക്കും*
*അതിൽ അവൾക്ക് പരിഭ്രമില്ല. സുഹ്രകത്തുക്കളോട് സംസാരിക്കാനോ*
*ചിരിക്കാനോ അവൾക്ക് കഴിയുന്നില്ല .നിശബ്ദ്ത തളം കെട്ടിനിൽക്കുന്ന അന്തരീക്ഷം .*
*ഏകാന്തമായ പലരാത്രികളും ചിന്തകൾ*
*അവളെ വേട്ടയാടിയിരുന്നു . ഇന്ന് അമ്മയ്ക്കക് നല്ല*
*ജോലിയുണ്ടായിരുന്നെകിൽ ഈ കാഴ്ച്ചപ്പാടുകൾ മാറില്ല ?" വിദ്യാനം സർവ്വധനാൽ പ്രധാനം " രാത്രിയുടെ ഇരുട്ടിലേക്ക് നോക്കി*
*പ്രതീക്ഷയുടെ ചറുപ്രകാശം സ്യപ്നം കാണുകയാണവൾ*

*PARVATHY S*
*10 A*

## അമ്മ



സ്നേഹത്തിൻ പ്രതീകമാണ് അമ്മ
ജീവന്റെ ജീവനാണമ്മ (2)
ജീവന്റെ വെളിച്ചമാണെന്നിലമ്മ
സ്നേഹത്തിന്നടിസ്ഥാനമാണമ്മ
ദുഃഖത്തിൽ സ്നേഹമായി അമ്മ
തെറ്റിൽ നേർവഴിയാണമ്മ
ഇരുട്ടിൽ വെളിച്ചമാണമ്മ
കൂടെ എന്നുമെന്നും അമ്മ
(സ്നേഹത്തിന്)
സത്യത്തിൻ പാതയാണെന്നിൽ അമ്മ
നേരിൽ നേരാണെന്റയമ്മ
ദൈവത്തിന് തുല്യമാണെന്നമ്മ
ജീവൻ തന്നെ എന്റെയമ്മ
(സ്നേഹത്തിന്)

Stephy
8D

## അധ്യാപകർ

ആദ്യാക്ഷരം കുറിച്ചധ്യാപകരിലെ
വാത്സല്യമെന്തെന്ന് ഞാനറിഞ്ഞു

അ മുതൽ അം വരെ ക മുതൽ ക്ഷ വരെ
പാടിപടിപ്പിച്ച അധ്യാപകർ

അമ്മയ്ക്ക് തുല്യമായ് അച്ഛന് തുല്യമായ്
സ്നേഹം പകർന്നൊരി അധ്യാപകർ
തെറ്റുകൾ  വല്ലതും ചെയ്ത് പോയാൽ തന്നെ
നേർവഴികാട്ടുന്ന അധ്യാപകർ
അധ്യാപകർ തന്നിലെ വാത്സല്യപൂരിതമാം
മുഖത്തിൻ സൗരഭ്യം കണ്ടാൽ.....
ജീവിതം മുതലിതാ മരണം വരെയും
ഓർമിക്കുവാൻ നല്ലൊരു ഓർമ്മയായി

ആമിന.എ.എസ്
10D

## പോകരുതേ

*പിരിയരുതേ പിരിയരുതേ*
*പക്ഷിക്കുരുവികളെ.........*
*എവിടേക്കായി പോകുന്നു*
*എൻ പ്രിയ പക്ഷിക്കുരുവികളെ.....*
*പോകരുതേ പോയിമറയരുതേ*
*എൻ പ്രിയ പക്ഷിക്കുരുവികളെ*
*നിങ്ങൾ തൻ  ചിറകടി കേൾക്കാൻ*
*കൊതിക്കുന്നു ഞാൻ എൻ പ്രിയപക്ഷിക്കുരുവികളെ*
*എവിടെ നിങ്ങൾ  എവിടെ പോയി മറഞ്ഞു*
*എൻ പ്രിയ പക്ഷിക്കുരുവികളെ.....*
*നിങ്ങൾ തൻ കലപില ഗാനം കേൾക്കാൻ*
*കൊതിക്കുന്നു ഞാൻ എൻ പ്രിയ പക്ഷിക്കുരുവികളെ...*

*Teena thankachan*
*9E*

## ഗുരുദേവൻ

ഗുരുദേവനെന്നുള്ള  നാമം  കേൾക്കുമ്പോൾ
അകതാരിൽ തെളിയുന്ന  ദിവ്യ  രൂപം

ഒരു ജാതി, ഒരു മതം, ഒരു ദൈവം  മനുഷ്യ-
നെന്നകതാരിലുണരുന്ന പരമ മന്ത്രം.

ശിവപൂജ ചെയ്യുവാനനുവാദമില്ലാതെ
വലയുന്ന മനുജരെ  കണ്ടറിഞ്ഞ്

ശിവനെന്ന സങ്കല്പ പൂജ ചെയ്തീടുവാൻ
വേദിയൊരുക്കിയ  പരം പൊരുളേ

നിൻനാമമിന്നെന്നകതാരിൽ   തെളിയുമ്പോൾ
കോൾമയിർ കൊള്ളുന്നെന്നന്തരംഗം.

ലൈന.പി.എസ്

# മഹദ് വചനങ്ങൾ

1. ദേഷ്യം അഹിംസയുടെ ശത്രുവാണ് . അഹംഭാവം എന്നത് അതിനെ വിഴുങ്ങുന്ന സത്വവും.

(മഹാത്മാഗാന്നി)

2.അഭിരുചി നിയമം കൊണ്ട് നിയമിക്കാൻ ആകില്ല.

(തോമസ് ജഫേഴ്സൻ)

3.അറിയാവുന്നതെക്കുറിച്ച് മിതമായി സംസാരിക്കുക. അറിയാത്തതിനെക്കുറിച്ച് മിണ്ടാതിരിക്കുക . അതാണ് ഉത്തമം.

(നിക്കോളാസ് കാർനോട്ട്)

4.ഒരാശയും ചങ്ങാതിയും ഒരുപോലയാണ്. രണ്ടും നമുക്ക് പ്രതീക്ഷ നൽകുന്നു.

(ഷേക്സ്പിയർ)

5.തീ വിറകു തന്നുന്നത് അസൂയ നിങ്ങളുടെ നൻമകളെ തിന്നു തീർക്കുന്നു.

(മുഹമ്മദ് നബി)






അബിൻ കുഞ്ഞുമോൻ

10C